നം.2076/2021/LSGD/23.10.2021 ലെ നിർദ്ദേശപ്രകാരം തുക തിരികെ ഈടാക്കി, GEM പോർട്ടൽ മുഖേന വാങ്ങൽ നടത്തേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 പത്ര വിതരണ പ്രൊജക്ട് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല.

പ്രൊജക്ട് നമ്പർ 197/24, സ്കൂളുകളിലേക്ക് പത്രം നൽകൽ
അടങ്കൽ 70000.00 (തനത് ഫണ്ട്)
നിർവഹണോദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ , ജി എൽ പി എസ്, വീരമംഗലം
ചെലവ് - 10085.00 (ചെക്ക് നം 249543/26.3.24)

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ എൽ.പി, യു.പി, സ്കൂളുകളിലേക്ക് വിവിധ പത്രങ്ങൾ വിതരണം ചെയ്തതിന് പത്രം ഏജന്റുമാർക്ക് 10085.00 രൂപ നൽകിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ രൂപീകരണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) സ.ഉ. (കൈ) 84/2022/ത.സ്വ.ഭ.വ, തീയ്യതി 19.4.2022 പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 8.6, സബ്സിഡി മാർഗ്ഗ രേഖ -സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ, തീയ്യതി. 28.5.22 ഖണ്ഡിക 7.4 എന്നിവയിൽ വിദ്യാഭ്യാസ മേഖലയിൽ ഏറ്റെടുക്കാവുന്ന പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഖണ്ഡികകളിൽ പ്രതിപാദിക്കാത്ത പ്രൊജക്ട് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല.

ബി)പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ -സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ, തീയ്യതി. 28.5.22 ഖണ്ഡിക 2- പൊതു നിബന്ധനകൾ, ഉപഖണ്ഡിക 2.2, 2.8,5.2 എന്നിവയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായാണ് പ്രൊജക്ട് നടപ്പാക്കിയിരിക്കുന്നത്.(ഓഡിറ്റ് അന്വേഷണം 20/26.7.24)
പദ്ധതി/സബ്സിഡി മാർഗ്ഗരേഖകൾക്കും, സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

1-22 എസ്.എസ്.കെ വിഹിതം-വിനിയോഗ സാക്ഷ്യപത്രം,വിശദ വിവരങ്ങൾ എന്നിവ ലഭ്യമാക്കണം

14-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 84/2022/ത.സ്വ.ഭ.വ തീയത 19.4.2022 ഖണ്ഡിക 8.6(3) ലെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത്, ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള "എസ്.എസ്.എ വിഹിതം നൽകൽ" പ്രൊജക്ട് പ്രകാരം എസ്.എസ്.കെ യുടെ അക്കൗണ്ടിലേക്ക് (IFSC Code: CNRB000819A/c No: 0819101104302) 500000.00 രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പ്രൊജക്ട് നം & പേര്	അടങ്കൽ	ബിൽ നം. /തിയതി	തുക
1	31/24എസ്.എസ്.എ പഞ്ചായത്ത് വിഹിതം (എസ്.സി.പി)	500000.00 (വികസന ഫണ്ട് -)	2/30.11.23	500000.00
ആകെ				500000.00

14-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 84/2022/ത.സ്വ.ഭ.വ തീയതി 19.4.2022 ഖണ്ഡിക 8.6(3&4) ലെ നിർദ്ദേശപ്രകാരം ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/26-7-24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1) 2023-24 വർഷത്തിൽ തൃക്കടീരി ഗ്രാമപഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നിർമ്മിച്ച ശുചിമുറികൾ, പഠന മുറികൾ, ഡിജിറ്റൽ പഠന മുറികൾ മറ്റ് നിർമ്മാണ പ്രവർത്തികൾ എന്നിവയുടെ വിവരങ്ങളും, ലഭ്യമാക്കിയ ഐ.സി.ടി ഉപകരണങ്ങളുടെയും വിശദാംശങ്ങൾ .

2) 2023-24 വർഷത്തിൽ തൃക്കടീരി ഗ്രാമപഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നടത്തിയ അക്കാദമിക്ക്/നിർമ്മാണ/പരിശീലന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ -വിദ്യാലയത്തിന്റെ പേര് , പ്രവർത്തി/ഇനം, ആകെ ചെലവ് തുക, ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ എണ്ണം, മറ്റ് വിവരങ്ങൾ.

മേൽകാര്യത്തിൽ വിനിയോഗസാക്ഷ്യപത്രവും ആവശ്യമായ വിശദ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

1-23 ബഡ്സ് സ്കൂ® വിദ്യാ® ത്ഥികൾ® ക്ക് യാത്ര സൗകര്യം-വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട്	ബഡ്സ് സ്കൂ® വിദ്യാ® ത്ഥികൾ® ക്ക് യാത്ര സൗകര്യം
നിർവഹണ ഉദ്യോഗസ്ഥ®	അസിസ്റ്റന്റ് സെക്രട്ടറി
അടങ്ക®	400000
ചെലവ്	357000 (വികസനഫണ്ട് ജനറൽ)

ബഡ്സ് സ്കൂളിലെ വിദ്യാ® ത്ഥികളെ വീട്ടി® നിന്ന് സ്ഥാപനത്തിലേക്കും തിരിച്ചും കൊണ്ടുപോകുന്നതിനുള്ള വാഹന വാടക ന® കുന്നതിനായാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി മേൽ പ്രോജക്ട് നടപ്പിലാക്കിയത്. ക്വട്ടേഷ® ക്ഷണിച്ചതി® ഏറ്റവും കുറവ് ക്വോട്ട് ചെയ്ത സുരേഷ് എന്ന വ്യക്തിയുടെ ക്വട്ടേഷനാണ് അനുവദിച്ചു കൊടുത്തിട്ടുള്ളത്(വാഹനം KL 52 A 5181 -ക്രൂയിസർ). ബഡ്സ് സ്കൂളിലെ വിദ്യാ® ത്ഥികളെ വീട്ടി® നിന്ന് സ്ഥാപനത്തിലേക്കും തിരിച്ചും കൊണ്ടുപോകുന്നതിന് ദിവസേന 2000 രൂപയും ഓരോ അധിക ട്രിപ്പിനും ₹200 എന്ന നിരക്കിലുമാണ് ടിയാനുമായി കരാറിലേർപ്പെട്ടത്. പ്രോജക്ട് പ്രകാരം 2023 ഏപ്രിൽ മുതൽ 2024 ജനുവരി വരെയുള്ള വാഹനം ഓടിയതിന്റെ വാടക ടിയാന് നൽകിയിട്ടുണ്ട്. ടിയാനുമായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ഏർപ്പെട്ട കരാർ പ്രകാരം വാഹനത്തിന്റെ ലോഗ് ബുക്ക് ഗ്രാമപഞ്ചായത്ത് നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതാണെന്നും യാത്ര സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണെന്നുള്ള നിബന്ധന ഉണ്ട്. എന്നാ® മേൽ നിബന്ധന അനുസരിച്ചുള്ള ലോഗ്ബുക്ക് സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലോഗ്ബുക്ക് ഹാജരാക്കുന്നതാണ് എന്ന് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ലോഗ് ബുക്ക് സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതും ലോഗ്ബുക്ക് പ്രോജക്ട് ഫയലിനോടൊപ്പം ഓഡിറ്റിന് ഹാജരാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-24 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

2023-24 സാമ്പത്തിക വർഷം 77 മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 29 എണ്ണം മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. നിർവ്വഹിക്കാത്ത 48 പ്രവൃത്തികളിൽ 24 എണ്ണം സ്പിൽ ഓവറാണ്. ആകെ അടങ്കൽ - 23076794 , ചെലവ് - 4790042 (ചെലവ് ശതമാനം 21%.) സാമ്പത്തിക വർഷം മെയിന്റനൻസ് ഫണ്ട് റോഡിനത്തിൽ 7518162 രൂപ ലാപ്സായിട്ടുണ്ട്. (മെയിന്റനൻസ് ഫണ്ട് - റോഡ് അടങ്കൽ - 12449503 ചെലവ്- 937838 ചെലവ് ശതമാനം-8%). റോഡിതര മെയിന്റനൻസ് ഫണ്ട് അടങ്കലിന്റെ 0.13% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. (അടങ്കൽ - 1087000 ചെലവ്-1450) ചെലവ് ശതമാനത്തിലെ ഗണ്യമായ കുറവ്, ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 24 സ്പിൽ ഓവർ അടക്കമുള്ള 48 പ്രവൃത്തികൾ നിർവ്വഹിക്കാത്തതിന് വിശദീകരണം എന്നിവ ഓഡിറ്റ് അന്വേഷണം (5/23.07.24) മുഖേന ആവശ്യപ്പെട്ടതിൽ നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ച 77 പ്രവൃത്തികളിൽ 29 എണ്ണം നിർവ്വഹിച്ചിട്ടുള്ളതും ബാക്കിയുള്ളതിലെ 15 സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിച്ചുവെങ്കിലും ട്രഷറിയിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ കൃ ബിൽ ആയവയാണ്.

റോഡ് മെയിന്റനൻസ് ഫണ്ടിന്റെ 2 ഗഡുക്കളുടെ തുകയായ 8456000 രൂപ മാത്രമാണ് സാമ്പത്തിക വർഷം ലഭ്യമായിട്ടുള്ളത്. അതിൽ 937838 രൂപ ചെലവഴിക്കുകയും 5787268 രൂപയുടെ ബില്ലുകൾ പാസ്സാവാതെ കൃ ബില്ലുകൾ ആയവയുമാണ്.

സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി അസി.എഞ്ചിനീയറും, ഓവർസിയറും ഇല്ലാതിരുന്നതിനാൽ പദ്ധതി നിർവ്വഹണത്തിന് കാലതാമസം നേരിട്ടു. അഡീഷണൽ ചാർജുണ്ടായിരുന്ന എഞ്ചിനീയർമാർക്ക് അവരുടെ ജോലിഭാരത്താൽ സേവനം ലഭ്യമാക്കുന്നതിന് സാധിക്കാതെ വരുകയും ചെയ്തു.

ആസ്തികളുടെ അപ്ഡേഷൻ

ആകെ 16 വാർഡുകളിലായി 355 റോഡുകൾ സർവ്വെ ചെയ്ത് വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1-25 2022-23സാമ്പത്തിക വർഷം എഗ്രിമെന്റ് ചമച്ച സ്പിൽ ഓവർ പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷം താഴെപ്പറയുന്ന സ്പിൽ ഓവർ പ്രവൃത്തികളുടെ നിർവ്വഹണത്തിന് എഗ്രിമെന്റിൽ ഏർപ്പെട്ടെങ്കിലും പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്(5/23.07.24) സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിശദവിവരം താഴെ ചേർക്കുന്നു.

ക്രമ നം.	പ്രൊജക്ട്	അടങ്കൽ (₹)	കരാർ	പൂർത്തീകരണ സമയം	റിമാർക്സ്
1	So163/24 – കീഴൂർ റോഡ് പൊതു ടോയ് ലെറ്റ്	490000-CFC	17.01.23	9 മാസം	പൊതുമരാമത്ത് വകുപ്പിൽ നിന്നും NOCലഭ്യമായിട്ടില്ല.
2	So167/24-ഒഴുപാറ കനാൽ റോഡ് പാർശ്വ ഭിത്തി സംരക്ഷണം	85000-മെയ്ന്റനൻസ് -റോഡ്	14.03.23	6 മാസം	ഇലക്ഷൻ വിജ്ഞാപനം വന്നതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞില്ല
3	So181/24-കുരിക്കാട്ടിൽ ചക്കുംപള്ളിയാൽ റോഡ് സൈഡ് കെട്ടി സംരക്ഷണം	350000 മെയ്ന്റനൻസ് -റോഡ്	24.03.23	6 മാസം	പദ്ധതി പ്രദേശത്തെ ഇലക്ട്രിക് പോസ്റ്റ് ഒരു വർഷത്തിനു ശേഷം 23.03.24 ന് മാത്രമാണ് നിക്ഷേപ പ്രവൃത്തി മുഖേന മാറ്റി സ്ഥാപിച്ചിട്ടുള്ളത്. 31.03.24 ന് സൈറ്റ് കൈമാറിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ (പി) 13/2012/PWD/1.02.2012 സെക്ഷൻ 1601.1.1 പ്രകാരം ഒരു പ്രവൃത്തിയ്ക്കായി പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മരാമത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ വശങ്ങളും ഉൾപ്പെടുത്തിയ Preliminary Project Report, Specifications, Site Conditions, Site Plan And Layout Drawings, AE's Certificate (That The Preliminary Estimate Has Been Prepared By Me After The Inspection And Provisions Included Are Essentially Required And Adequate For The Proper Completion Of Work.), Land Availability Certificate എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ചു വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്.

പദ്ധതികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാകുന്നതിനോടൊപ്പം തന്നെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രവും ലഭ്യമാക്കേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ക്രമ നം 1, 3 പദ്ധതികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

മതിയായ സ്ഥല പരിശോധനയോ പഠനങ്ങളോ ഇല്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുന്നത് മൂലം എസ്റ്റിമേറ്റ് ഭേദഗതി വരുത്തുന്നതിനും പ്രവൃത്തി നീണ്ടു പോകുന്നതിനും ഇടയാക്കുന്നു. മറ്റു പദ്ധതികൾക്കായി ഉപയോഗപ്പെടുത്താമായിരുന്ന ഫണ്ട് മുടങ്ങുന്നതിനിടയാക്കുന്ന ഇത്തരം സാഹചര്യം ഒഴിവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി രൂപീകരണ, നിർവ്വഹണ ഘട്ടങ്ങളിൽ 1997 ലെ കേ.പ.ര (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ -ജി.ഒ(പി)13/2012 /PWD/01.02.2012 എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1-26 കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണ്

സാമ്പത്തിക വർഷം അസി. എഞ്ചിനീയർ മുഖേന നിർവ്വഹിച്ച താഴെപ്പറയുന്ന കുടിവെള്ളപദ്ധതി 14-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)84/2022 ത.സ്വ.ഭ.വ തീയതി 19.04.2022- 8.1.25 ലെ കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് നിർദ്ദേശങ്ങളനുസരിച്ച് ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ

വിവരങ്ങൾ/ രേഖകൾ എന്നിവ ഓഡിറ്റ് അന്വേഷണം (10/25.07.24) മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതിയുടെ ചുമതലയാണെന്ന് പ്രൊജക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

ക്രമ നം.	പ്രൊജക്ട്	അടങ്കൽ	ചെലവ്
1	So180/24- പറക്കാടൻ കുടിവെള്ളപദ്ധതി	400000-CFC	371394

പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 ഇ-ടെണ്ടർ ഫീ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

അസി. എഞ്ചിനീയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് ദേശസാൽകൃത ബാങ്കിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/17 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ അക്കൗണ്ടിൽ വരവ് വരുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയർ ഇ-ടെണ്ടർ നടത്തിയ ഇനത്തിൽ തനത് ഫണ്ടിൽ നാളിതു വരെ തുകകളൊന്നും വരവ് വന്നിരുന്നില്ല. ഇത്തരത്തിൽ നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് വരവ് വരേണ്ട തുകകളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-6/23.07.24) അസി.എഞ്ചിനീയറുടെ മറുപടി താഴെ ചേർക്കുന്നു.

ടെണ്ടർ ഫീ അടവാക്കുന്നതിന് ദേശസാൽകൃത ബാങ്കിൽ 9.11.2017ന് പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. (SBI, തൃക്കടീരി, A/c No-37290277307) അക്കൗണ്ട് പരിശോധിച്ച്

മുൻവർഷങ്ങളിലേതടക്കമുള്ള ഇ ടെണ്ടർ തുക തനത് ഫണ്ടിലേക്ക് കൈമാറുന്നതാണ്.

അസി. എഞ്ചിനീയറുടെ പ്രത്യേക ബാങ്ക് അക്കൗണ്ടിൽ ടെണ്ടർ ഫീയിനത്തിൽ നീക്കിയിരുപ്പുള്ള 129707/-രൂപ തനത് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-28 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ - പ്രവർത്തനാവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07-06-2024 തീയതിയിലെ ഡി.കെ.എസ്.എ. 471/സി.എ.ആർ 3/24 പ്രകാരം "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ" എന്ന വിഷയാടിസ്ഥാനത്തിൽ തൃക്കടീരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിത കർമസേനയുടെ അടിസ്ഥാന വിവരങ്ങൾ, മാലിന്യ ശേഖരണ കാര്യക്ഷമത, മാലിന്യ വേർതിരിവ് പാലിക്കൽ, റീ-സൈക്ളിംഗ്, കമ്മ്യൂണിറ്റി എൻഗേജ്മെന്റ്, തൊഴിൽ സൃഷ്ടിക്കൽ, അടിസ്ഥാന സൗകര്യ വികസനം, പാരിസ്ഥിതിക ആഘാതം, പരിശീലനവും വികസനവും, നിയമങ്ങൾ പാലിക്കൽ, ഹരിത കർമ സേനാംഗങ്ങളുടെ പ്രവർത്തനം, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) മായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ, മാലിന്യകൈമാറ്റ കാര്യക്ഷമത, മാലിന്യ സംഭരണ ശേഷി, മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ, ശുചിത്വ മാനദണ്ഡങ്ങൾ, യഥാസമയം മാലിന്യം ക്ലീൻ കേരളക്ക് കൈമാറുന്നത് എന്നിവ സംബന്ധിച്ച പരിശോധന ഓഡിറ്റ് വേളയിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ലഭിച്ച വിവരങ്ങളും വിലയിരുത്തലുകളും താഴെ ചേർക്കുന്നു

1)അടിസ്ഥാന വിവരങ്ങൾ

തൃക്കടീരി ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന അടിസ്ഥാന വിവരങ്ങൾ.

1)പഞ്ചായത്തിലെ ആകെ ജനസംഖ്യ	27762
2)ആകെ വാർഡുകളുടെ എണ്ണം	16
3)പഹരിതകർമ്മസേന രൂപീകൃതമായ തിയ്യതി –	2017(Reformed 2022)
4) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം	32
5) പഞ്ചായത്തിലുള്ള സ്ഥാപനങ്ങളുടെയും വീടുകളുടെയും എണ്ണം	

വീടുകളുടെ എണ്ണം	PDC	Shop+Establishment
6300	374	434

2)മാലിന്യ ശേഖരണ കാര്യക്ഷമത

വാതിൽപടി ശേഖരണത്തിൽ എല്ലാ വീടുകളേയും സ്ഥാപനങ്ങളേയും ഉൾപ്പെടുത്തുന്നതിനായി ഹരിതമിത്രം ആപ്പ് പ്രാബല്യത്തിലാക്കിയിട്ടുണ്ട്. . ഹരിതമിത്രം ആപ്ലിക്കേഷൻ വഴി കൃ ആർ കോഡ് പതിക്കുന്ന പ്രവർത്തി പുരോഗമിച്ചു വരുന്നു. വാതിൽപടി ശേഖരണത്തിൽ സഹകരിക്കാത്ത വീടുകൾക്കും കടകൾക്കും നിയമപ്രകാരം നോട്ടീസ് നൽകിവരുന്നു

3)മാലിന്യം വേർതിരിക്കൽ, പുനർചംക്രമണം, സാമൂഹ്യ ഇടപെടൽ

മാലിന്യശേഖരണത്തിന് ഹരിതസഹായ സ്ഥാപനത്തിൻറെ നേതൃത്വത്തിൽ കലണ്ടർ തയ്യാറാക്കിയാണ് വാതിൽപ്പടി മാലിന്യശേഖരണം നടത്തുന്നത്. ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ പ്രാഥമികമായി വേർതിരിക്കപ്പെടുന്നുണ്ട്. പെറ്റ് ബോട്ടിലുകൾ, പ്ലാസ്റ്റിക്കുകൾ മുതലായവ വെവ്വേറെ ചാക്കുകളിലാക്കുകയും റിജക്ടഡ് മാലിന്യങ്ങളായ തുണി, ബാഗ്, ചെരുപ്പ് മുതലായവ ഒന്നിടവിട്ട മാസങ്ങളിൽ ശേഖരിക്കുന്നുമുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ പൂതക്കാട് താൽക്കാലിക എം.സി.എഫി ൽ എത്തിച്ചതിനു ശേഷം ഒരിക്കൽക്കൂടി വേർതിരിച്ച് ഗ്രീൻവേംസ് എന്ന സ്ഥാപനത്തിന് കൈമാറുകയാണ് ചെയ്യുന്നത്.

4)റീസൈക്ലിംങ്ങ്

പുനരുപയോഗം സാധ്യമാവുന്ന വസ്തുക്കൾ റീസൈക്ലിംഗിനായി ഗ്രീൻവേംസ് എന്ന സ്ഥാപനത്തിന് കൈമാറുണ്ട്. മഴക്കാല പൂർവ്വശുചീകരണത്തിൻറെ ഭാഗമായി ശേഖരിച്ച മിക്സ്ഡ്/ലെഗസി മാലിന്യങ്ങൾ ഗ്രീൻവേംസിന് കൈമാറിയിരുന്നു.

പ്ലാസ്റ്റിക് കൂപ്പികൾ, ഉപയോഗശൂന്യമായ ടയറുകൾ എന്നിവ ഉപയോഗിച്ച് ഇരിപ്പിടങ്ങൾ നിർമ്മിച്ച് ഗ്രാമ പഞ്ചായത്തിലെ പി.ടി.എം ബസ് സ്റ്റോപ്പിൽ സൗകര്യങ്ങൾ സ്നേഹാരാമം പദ്ധതിയിലൂടെ ഒരുക്കുവാൻ ഹരിതകർമ്മസേനക്ക് കഴിഞ്ഞത് അഭിനന്ദനാർഹമാണ്.

5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടക്കുന്ന എല്ലാ മീറ്റിംഗുകളിലും പ്രത്യേക അജണ്ട തയ്യാറാക്കി ബോധവത്കരണ ക്ലാസ്സുകൾഐ.ആർ.ടി.സി യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടുവരുന്നു. എല്ലാ ഗ്രാമസഭകളിലും സി.ഡി.എസ് മീറ്റിംഗുകളിലും മറ്റ മീറ്റിംഗുകളിലും ഹരിതചട്ടം പാലിച്ച് നടത്തപ്പെടുന്നതിന് പ്രത്യേക നിർദ്ദേശം പഞ്ചായത്തിൽനിന്നും നൽകപ്പെട്ട് വരുന്നു. സ്കൂളുകളിൽ അസംബ്ലി സമയത്തും പ്രത്യേകം ക്ലാസ്സുകൾ നൽകിവരുന്നു. എല്ലാ മാസവും ഹരിതസഹായ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ പഞ്ചായത്തിൻറെ വിവിധ വാർഡുകളിലായി ക്ലാസ്സുകൾ നടത്തുന്നതിനും മാലിന്യ സംസ്കരണ ഉപാധികളുടെ പ്രദർശനം സംഘടിപ്പിക്കുന്നതിനും കഴിയുന്നുണ്ട്.

6)തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം ഹരിതകർമ്മസേനക്ക് 2288060.00 രൂപ വരുമാനമായി ലഭിക്കുകയും 32 ഹരിതകർമ്മസേനാംഗങ്ങൾക്കായി 2059253.00 നൽകുകയും ചെയ്തിട്ടുണ്ട്.ഹരിതകർമ്മസേനാംഗങ്ങൾക്ക് നിലവിൽ പ്രതിമാസം ശരാശരി 8000-9000 രൂപയാണ് വരുമാനമായി ലഭിക്കുന്നത്.

7)അടിസ്ഥാന സൗകര്യ വികസനം

ഗ്രാമ പഞ്ചായത്തിൽ 17 മിനി എം.സി.എഫ് കളും, ഒരു എം.സി.എഫും ഉണ്ട്. ഹരിതകർമ്മസേനക്ക് വേണ്ടി ഒരു എം.സി.എഫ് വാർഡ് 8 ൽപണി പൂർത്തിയായി വരുന്നു. 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുബന്ധപ്രവൃത്തികൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ ടി എം.സി.എഫ് പൂർണ്ണമായും പ്രവർത്തനസജ്ജമാവുകയുള്ളൂ . നിലവിൽപൂതക്കാട് താൽക്കാലിക എം.സി.എഫിലാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾനടക്കുന്നത്. അഗ്നിസുരക്ഷാ ഉപകരണങ്ങൾ, വേയിംഗ് മെഷീൻ തുടങ്ങിയവ മാത്രമേ താൽക്കാലിക എം.സി.എഫിൽ ഉറപ്പു വരുത്തിയിട്ടുള്ളൂ. ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി വാഹനം ശുചിത്വമിഷൻ ഫണ്ട് വകയിരുത്തി വാങ്ങുന്നതിന് സാധിച്ചിട്ടുണ്ട്.

8)പാരിസ്ഥിതിക ആഘാതം

പൊതു സ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് തടയുന്നതിനും , നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ വിൽപ്പന തടയുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

9)പരിശീലനവും വികസനവും

IRTC, ജില്ലാ മിഷൻ, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിത കർമ്മസേനാംഗങ്ങൾക്കു പരിശീലന പരിപാടികൾ സംഘടിക്കുന്നുണ്ട്

10)നിയമങ്ങൾ പാലിക്കൽ

19.07.2022 ലെ 1(1) നമ്പർതീരുമാനപ്രകാരം പ്ലാസ്റ്റിക് മാലിന്യ ഉപനിയമാവലി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാലിന്യ സംസ്കരണത്തിനായി വ്യക്തമായ പ്ലാൻ തയ്യാറാക്കൽ, പൊതുജനങ്ങൾക്കിടയിൽ ബോധവത്ക്കരണം, യൂസർഫി പിരിവ് മുതലായവ ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.
- ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി , സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
- ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്.
- സമയബന്ധിതമായും, കൃത്യമായ ഇടവേളകളിലും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം മാലിന്യം ഏറ്റെടുക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് എല്ലാ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാലിന്യം സ്രോതസ്സിൽ നിന്ന് തന്നെ തരംതിരിച്ച് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പാഴ്വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.
- മാലിന്യ സംസ്കരണം, തരം തിരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മാലിന്യം വേർതിരിച്ച് ഏജൻസിക്ക് നൽകി വരുമാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- യൂസർ ഫീ കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.
- എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2023-24	19.07.2024 മുതൽ 27.07.2024 വരെ	അനുബന്ധമായി ചേർത്തിട്ടുണ്ട്

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്, ഒറ്റപ്പാലം	2023-24	80000	244/24- പയർ കൃഷി വികസനം	80000	0
	2023-24	332000	15/24- നെൽ കൃഷി വികസനം (ജനറൽ)	332000	0
	2023-24	888717	28/24- ലൈഫ് ഭവനം (എസ്.സി)	888717	0
	2023-24	620000	So132/24- ലൈഫ് മിഷൻ ഭവന പദ്ധതി -ജനറൽ	620000	0
	2023-24	660000	27/24- ലൈഫ് മിഷൻ ഭവന പദ്ധതി -ജനറൽ	660000	0
	2023-24	390000	19/24- ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	390000	0
	2023-24	115000	54/24-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-ജനറൽ	115000	0
ജില്ലാ പഞ്ചായത്ത്, പാലക്കാട്	2023-24	448864	15/24- നെൽ കൃഷി വികസനം	448864	0
	2023-24	620000	28/24- ലൈഫ് ഭവനം (എസ്.സി)	620000	0
	2023-24	300000	So132/24- ലൈഫ് മിഷൻ ഭവന പദ്ധതി -ജനറൽ	300000	0
	2023-24	900000	27/24- ലൈഫ് മിഷൻ ഭവന പദ്ധതി -ജനറൽ	900000	0
	2023-24	130000	19/24- ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	130000	0
	2023-24	300000	240/24- സി.സി.ടി.വി സ്ഥാപിക്കൽ	300000	0
	2023-24	100000	54/24-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-ജനറൽ	100000	0

	2023-24	122790	ആശ്രയ ഫണ്ട്-EPEP പദ്ധതി	0	122790
	2022-23	30000	ആശ്രയ വിഹിതം	0	30000

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി, കോതകുർശ്ശി	50/24- വിവിധ വാർഡുകളിൽ ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	22300250/13.07.23	3799	163105	*67931
		22300699/5.01.24	163105		
		22300843/20.02.24	53096		
		22300999/29.03.24	11036		
		ആകെ	231036		
ടി	55/24-സ്ട്രീറ്റ് മെയിൻ വലിക്കലും സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കലും	4/20.06.23	40120	-	*40120
ടി	പളളിയാലിൽ കുടിവെള്ളപദ്ധതി യൂട്ടിലിറ്റി ചാർജ്	22300396/3.10.23	32643	-	32643

* പ്രസ്തുത തുകകളുടെ ചെലവ് വിനിയോഗം 07/24 ന് ലഭ്യമായിട്ടുണ്ട്.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-5 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	അലോട്ട്മെന്റ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	ആകെ	തൻ വർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
KURDFC	1230000272/ 30.01.24 1230000347/ 31.03.24	8287743 (2638101 + 5649642)	6854521	15142264	1211927	-	13930337

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4601/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി

2021-22	3-1	761	ശ്രീ അബൂതാഹിർ കോൺട്രാക്ടർ	42300575/21-12-23
2021-22	3-1	3840	ശ്രീ പി.മുഹമ്മദ് കോൺട്രാക്ടർ	42300576/21-12-23
	ആകെ	4601/-		

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തുർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00	3-10	2004-05	3.9.1.2.1	നടപടിക്രമങ്ങൾ പാലിക്കാതെ വാഹന വാടക നൽകി	തീർപ്പാക്കിയിട്ടില്ല
1999-00	24	1999-00	51.1.(ii)	80721/-രൂപയുടെ 24 ചെലവ് രേഖകൾ ലഭ്യമല്ല	തീർപ്പാക്കിയിട്ടില്ല
2000-01	3-1	2000-01	2.51.3	കുടിവെള്ള പദ്ധതികൾ പരിപാലന കമ്മിറ്റിക്ക് കൈമാറുന്നില്ല	തീർപ്പാക്കിയിട്ടില്ല
2014-15	2-1	2016-17	അധ്യായം 1 – വസ്തു നികുതി	വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല- അവലോകനം (അനുബന്ധം 3)	തീർപ്പാക്കിയിട്ടില്ല
2014-15	2-2	2016-17	അധ്യായം 2 – തൊഴിൽ നികുതി	തൊഴിൽ നികുതി- അവലോകനം അനുബന്ധം 4	തീർപ്പാക്കിയിട്ടില്ല

4-9 ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ)	62962527
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	30247810
നീക്കിയിരിപ്പ്	32714717
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	121497/-

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
1-19	100000	ശ്രീ മോഹനൻ.ടി ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്,തൃക്കടീരി
1-20	21497	ടി
ആകെ	121497/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ മോഹനൻ.ടി ഹെഡ്മാസ്റ്റർ	ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, തൃക്കടീരി	തേനായി തൊടി, കല്ലുവഴി, പാലക്കാട് -679514

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97 ചെലവ്	കെ.എസ്.എ പി.കെ.ഡി13/1220/22/28-11-22	10
1997-98 വരവ്		1
1997-98 ചെലവ്		7
1998-99 വരവ്		0
1998-99 ചെലവ്		9
1999-00	LFP 16-1856/12/4-10-2012	27

2000-01		18
2001-02		8
2002-03		8
2003-04		3
2004-05		7
2006-07	കെ.എസ്.എ പി.കെ.ഡി പി-25/549/22/22-05-24	2
2007-08	കെ.എസ്.എ പി.കെ.ഡി പി-25 /246/22/23-05-24	2
2008-09	കെ.എസ്.എ പി.കെ.ഡി പി-25 /246/22/24-05-24	1
2009-10	കെ.എസ്.എ പി.കെ.ഡി പി-25 /246/22/24-05-24	5
2011-12	എൽ. എഫ് പി-16-356/14/11-03-2014	3
2012-13	കെ.എസ്.എ പി.കെ.ഡി പി-25 /246/22/27-05-24	5
2013-14 & 2014-15	കെ.എസ്.എ പി.കെ.ഡി പി-16/554/16/ 29.6.16	6
2016-17	കെ.എസ്.എ പി.കെ.ഡി പി-16/1650/2017/5-3-18	12
2017-18	കെ.എസ്.എ-പികെഡി16/36/2019/04.01.2019	4
2018-19	നം.കെ.എസ്.എ-പികെഡി പി25/296 /2022/17.05.24	5
2019-20	കെ.എസ്.എ-പികെഡി പി25/1233/2021.	15
2020-21	കെ.എസ്.എ-പികെഡി പി25/1234/2021/7-10-21	17
2021-22	കെ.എസ്.എ-പികെഡി 25/263/23 /14.02.2023	32
2022-23	കെ.എസ്.എ.പി.കെ.ഡി.പി-25 /1883 /11.03.24	12

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 25-05-2024 and submitted on 01-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Thrikkadeeri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thrikkadeeri Grama Panchayat as on 31-03-2024

Date: 23/09/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thrikkadeeri Grama Panchayat for the Year 2023-2024.

1.Major Observations

Nil

2.Other Observations

1. All the mandatory financial statements prescribed in accounting rules are not furnished to audit.

2. Net increase /decrease in cashflow doesnâÂÂt tally with the difference between the opening balance and closing balance of cash and cash equivalents in the Cashflow statement.

3. Asset register is not updated . Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balance
sheet could not be ascertained.

4.Although part bill payments have been made, the value of Capital work in progress is âÂÂzeroâÂÂ in the Balance sheet.

5.Accumulated depreciation in the case of Sewage and Drainage (Head-416100110) vide the Balance sheet for 2023-24-schedule B-11(a) shows the same figure as that of the Balance sheet for the year 2022-23

6.E-Tender fee collected for the audit period is not taken as receipt in the own fund.

7.The following non-operative Accounts with zero balance are not included in the Balance sheet

a)SBI (Heaith grant Building) A/c 40901325839

b)SBI NREGS Holding A/c Â 41515540501

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure 3
Annual Financial statements

Thrikkadeeri Grama Panchayat INCOME & EXPENDITURE STATEMENT			
For the period from 01-April-2023 to 31-March-2024			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	4745340.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	72008.00
140000000	Fee & User Charges	I-4	2800940.00
150000000	Sale & Hire Charges	I-5	16085.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	102738839.00
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	356838.00
180000000	Other Income	I-9	432063.00
190000000	Prior Period Income	I-19	290665.00
	Total Income		111162113.00
	EXPENDITURE		
210000000	Establishment Expenses	I-10	10213214.00
220000000	Administrative Expenses	I-11	1008959.00
230000000	Operations & Maintenance	I-12	1432869.00
240000000	Interest & Finance Charges	I-13	620.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	3735172.00
251000000	Decentralised Plan Programme-Service Sector	I-14(A)	28954683.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	5187856.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	19781170.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	37958900.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	1403655.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	0.0
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0
272000000	Depreciation	I-17(A)	6735073.00
	Total Expenditure		116412171.00
	Gross Surplus / Deficit of income over Expenditure		-5250058.00
	Gross Surplus / Deficit of income over Expenditure		-5424225.00
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18	116498.00
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		174167.00

Thrikkadeeri Grama Panchayat RECEIPT & PAYMENT STATEMENT			
For the period from 01-April-2023 to 31-March-2024			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		

Bank	Bank	RP-40(a)	18755066.00
Cash	Cash	RP-40(a)	14650.00
	Operating		
110000000	Tax Revenue	RP-1	744650.00
130000000	Rental income from Panchayat Properties	RP-3	11000.00
140000000	Fees & User Charges	RP-4	2639162.00
150000000	Sale & Hire Charges	RP-5	16085.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	10662300.00
171000000	Interest Earned	RP-9	357340.00
311000000	Earmarked Funds	RP-28	526.00
320000000	Grants, Funds & Contributions for Specific Purposes	RP-30	15490775.00
431000000	Sundry Debtors (Receivables)	RP-45	4541157.00
460000000	Loans, Advances and Deposits	RP-49	58200.00
	Non Operating		
180000000	Other Income	RP-10	4601.00
330000000	Secured Loans	RP-31	8287743.00
340000000	Deposits Received	RP-33	41584.00
350000000	Other Liabilities	RP-35	1337688.00
	Grand total		62962527.00
	PAYMENTS		
	Operating		
431000000	Sundry Debtors (Receivables)	RP-45	274839.00
460000000	Loans, Advances and Deposits	RP-49	769286.00
	Non Operating		
340000000	Deposits Received	RP-33	66462.00
350000000	Other Liabilities	RP-35	29137223.00
	Closing Balance		
Bank	Bank	RP-40(b)	32573654.00
Cash	Cash	RP-40(b)	141063.00
	Grand Total		62962527.00

Thrikkadeeri Grama Panchayat BALANCE SHEET

As on 31-March-2024

Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	-26690886.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	2853859.00
312000000	Reserves	B-3	81839201.00
	Total Reserve & Surplus		58002174.00
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	15265585.00
	Total Grants, Contributions for Specific Purposes		15265585.00
	Loans		
330000000	Secured Loans	B-5	13930337.00
331000000	Unsecured Loans	B-6	0.0
	Total Loans		13930337.00
	Current Liabilities & Provisions		
340000000	Deposits Received	B-7	76319.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	1301716.00
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		1378035.00
	TOTAL LIABILITIES		88576131.00
	ASSETS		

	Fixed Assets		
410000000	Fixed Assets	B-11	231200.00
412000000	Capital Work in Progress	B-11(b)	0.0
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	69497.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	26514746.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	74679821.00
416000000	Accumulated Depreciation	B-11(a)	-55639929.00
	Total Fixed Assets		45855335.00
	Investments		
420000000	Investments-General Fund	B-12	0.00
421000000	Investments - Other Funds / Sundry Debtors	B-13	0.00
	Total Investments		0.00
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.00
431000000	Sundry Debtors (Receivables)	B-15	499532.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.00
440000000	Pre-paid Expenses	B-16	6602594.00
450000000	Cash and Bank Balance	B-17	32714717.00
460000000	Loans, Advances and Deposits	B-18	2903953.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.00
	Total Current Assets, Loans and Advances		
	Other Assets		
470000000	Other Assets	B-19	0.00
	Total Other Assets		
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.00
	Total Miscellaneous Expenditure (To the Extent not written off)		0.00
	TOTAL ASSETS		88576131.00

Deputy Director